# KERALA POLICE INFORMATION CENTRE

**No.** 28/PR/PIC/PHQ/09 **Date : 31/12/09**

## കരുനാഗപ്പള്ളി ഗ്യാസ് ടാങ്കർ അപകടം

31-12-2009 വെളുപ്പിന് 4 മണിയോടുകൂടി കരുനാഗപ്പള്ളി പുത്തൻതെരുവിൽ ഗ്യാസ് ടാങ്കർ കാറുമായി കൂട്ടിയിടിച്ച് ഗ്യാസ് ടാങ്കറിന് തീ പിടിച്ചു. 20 ഓളം പേർക്ക് പൊള്ളലേറ്റു. 9 പേരെ തിരുവനന്തപുരം മെഡിക്കൽ കോളേജിലും മൂന്നുപേരെ തിരുവനന്തപുരം KIMS ആശുപത്രിയിലും മറ്റുള്ളവരെ വിവിധ ആശുപത്രികളിലും പ്രവേശിപ്പിച്ചു. രക്ഷാപ്രവർത്തനം നടക്കുന്നു. സംഭവത്തിൽ 10 കടകളും ഒരു പോലീസ് ജീപ്പും, രണ്ടുകാറുകളും, പത്തോളം മോട്ടോർ സൈക്കിളുകളും കത്തിനശിച്ചു. കൊല്ലം എസ്സ്.പിയുടെ നേതൃത്വത്തിൽ പോലീസും ഫയർഫോഴ്സും രക്ഷാപ്രവർത്തനം നടത്തുന്നു. സംഭവത്തിൽ രക്ഷാപ്രവർത്തനത്തിനിടയിൽ ഗുരുതരമായി പരിക്കേറ്റ പോലീസുകാരായ സുനിൽകുമാർ, പ്രദീപ് എന്നിവരേയും ഫയർഫോഴ്സ് ജീവനക്കാരനായ ഷമീർ എന്നയാളെയുമാണ് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നത്. ഇവരുടെ നില ഗുരുതരമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച 9 പേരിൽ റഷീദ് എന്നയാൾ മരണപ്പെടുകയും, 7 പേരുടെ നില ഗുരുതരവുമാണ്. രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട ചവറ SI ഷുക്കൂർ, ASI ഫിലിപ്പ്, AR PC അലക്സാണ്ടർ ലൂക്ക് എന്നിവർക്ക് പൊള്ളലേറ്റു. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ രണ്ട് പേരും, ഒരാൾ കൊച്ചി മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലും ചികിത്സയിലാണ്. ചവറ എസ്.ഐ.ഷുക്കൂർ കൊല്ലം ബൻസിഗർ ആശുപത്രിയിലും ചവറ എ. എസ്. ഐ. ഫിലിപ്പ് കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലും ചികിത്സയിലാണ്. NH വഴിയുള്ള ഗതാഗതം MC റോഡുവഴി തിരിച്ചുവിട്ടു. ശക്തമായ പോലീസ് സാന്നിദ്ധ്യം സ്ഥലത്തുണ്ട്. കൂടുതൽ ആളപായം ഉണ്ടാകാതിരിക്കാൻ വേണ്ടി ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ദുരന്തനിവാരണ സമിതിയും ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ കായംകുളം താപനിലയത്തിലെ വിദഗ്ധരും സ്ഥലത്ത് എത്തി വേണ്ട ശാസ്ത്രീയ സുരക്ഷാനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.